## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2173 — 11.06.2018 ൽ മറുപടിക്ക്

# കോതമംഗലം താലൂക്ക് ആശുപത്രിയിൽ പട്ടികവർഗ്ഗ വിശ്രമ സേവന കേന്ദ്രം

| ചോദ്യം<br><br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോതമംഗലം താലൂക്കിലെ 16 ഓളം ആദിവാസി കോളനികളിലെ നൂറുകണക്കിന് ആദിവാസികൾ ചികിത്സക്കായി എത്തുന്ന കോതമംഗലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ രോഗികളുടെ കൂട്ടിരുപ്പകാർക്ക് വിശ്രമിക്കുന്നതിനും അവരുടെ ആചാരങ്ങൾക്ക് വിധേയമായി ജീവിതചര്യകൾ അനുഷ്ഠിക്കുന്നതിനും നിലവിൽ സൗകര്യമില്ലാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവരെ സഹായിക്കുന്ന 3 ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ആഫീസ് സംവിധാനങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ആശുപത്രിയിൽ ഒരു പട്ടികവർഗ്ഗ വിശ്രമ സേവന കേന്ദ്രം ആരംഭിക്കുമോ;നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ? | (ബി) | ട്രൈബൽ പ്രൊമോട്ടർക്ക് താത്കാലികമായ ഒരു ഓഫീസ് സംവിധാനം നിലവിലുണ്ട്. 2 ട്രൈബൽ പ്രൊമോട്ടർമാർ ഉള്ളതിനാൽ ഒരാൾ പകലും ഒരാൾ രാത്രിയിലുമാണ് ജോലിചെയ്യുന്നത്. ഇവർക്ക് വിശ്രമിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഇല്ല. നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നഗരസഭയുമായി ചേർന്ന് ശ്രമങ്ങൾ നടത്തി വരുന്നു. |
| (സി) | ആദിവാസികൾക്കായി ഇവിടെ നിലവിൽ എന്തെല്ലാം സൗകര്യങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ? | (സി) | ചികിത്സയ്ക്കുവരുന്ന ആദിവാസി രോഗികൾക്ക് മുഴുവൻ ചികിത്സകളും സൗജന്യമായി നൽകുന്നു. രോഗികൾക്ക് സൗജന്യ ആംബുലൻസ് സൗകര്യം കൊടുക്കുന്നുണ്ട്. ആദിവാസിരോഗികൾക്കും കൂട്ടിരിപ്പകാർക്കും സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സൗജന്യമായി ഭക്ഷണം നൽകുന്നുണ്ട്. ആശുപത്രിയിൽ സ്റ്റോക്കില്ലാത്ത മരുന്നുകൾ പുറമെനിന്ന് വാങ്ങി നൽകുന്നുണ്ട്. ഇവിടെ ഇല്ലാത്ത ലാബ് ടെസ്റ്റുകളും സ്കാനിംഗും, എക്സ്റേയും ട്രൈബൽ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്നു. ഗർഭിണികളെ സ്ക്രീൻ ചെയ്ത് അവർക്കുവേണ്ട എല്ലാ ചികിത്സകളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ